# ബൈബിൾ ചിത്രകഥ - 39 | യേശുക്രിസ്തു - 9



# മനുഷ്യപുത്രൻ

ദൈവത്തിനു നമ്മോടുള്ള അനന്തമായ സ്നേഹത്തിന്റെ പ്രത്യക്ഷീകരണം ആണ് യേശുക്രിസ്തു. നമ്മുടേതായ എല്ലാ ദുഃഖ ങ്ങളും വേദനകളും സ്വയം ഏറ്റെടുത്തു കൊ ണ്ടാണ് ദൈവപുത്രൻ നമ്മോടുള്ള സ്നേഹം പ്രകടമാക്കിയത്. ഈ പ്രപഞ്ചത്തിന്റെ മുഴുവൻ ഉടയവൻ ആണവനെങ്കിലും ദരിദ്ര രിൽ ദരിദ്രനായാണ് അവൻ ജീവിച്ചത്. വീടില്ലാ ത്തവരോടൊപ്പം അവൻ വീടില്ലാത്തവനായി കാലിത്തൊഴുത്തിൽ ജനിച്ചു. കഠിനാധ്വാനം കൊണ്ട് ഉപജീവനം കഴിച്ചു. തന്റെ പരസ്യ

ജീവിതകാലത്ത് അന്യരുടെ വീടുകളിലോ അല്ലെങ്കിൽ മരച്ചുവട്ടിലോ അന്തിയുറങ്ങി. ഇപ്രകാരം മനുഷ്യന്റെ ബലഹീനതകളും യാതനകളും സ്വന്തമാക്കിയ താൻ പൂർണമായ അർത്ഥത്തിൽ മനുഷ്യനാണ് എന്ന് നമ്മെ പഠിപ്പിക്കാൻ വേണ്ടി മനുഷ്യപുത്രൻ എന്ന പേരാണ് യേശു തന്നെക്കുറിച്ചുതന്നെ ഉപയോഗിച്ചിരുന്നത് 'മനുഷ്യൻ' എന്നാണ് ഇതിന്റെ അർത്ഥം.

മനുഷ്യനായി അവതരിച്ച ദൈവപുത്രനാണു മനുഷ്യപുത്രൻ. അവനു പാപം മോചിക്കാൻ അധികാരമുണ്ട്. അവൻ സകല

നിയമത്തിന്റെയും അധിപനാണ്. അതേസമയം അവൻ എല്ലാവരുടെയും പാപമോചനത്തിനായി സ്വന്തം ജീവൻ ബലിയർപ്പിക്കുകയും ചെയ്തു. ബലഹീനതയേയും ഒപ്പം മഹത്വത്തെയും സൂചിപ്പിക്കുന്നതാണ് മനുഷ്യപുത്രൻ എന്ന നാമം. സ്വയം ബലിയർപ്പിച്ച യേശുവിനെ പിതാവായ ദൈവം മഹത്വപ്പെടുത്തി. ലോകാവസാനത്തിൽ വിധിയാളനായി വരുന്നത് ഈ ഭൂമിയിൽ ദരിദ്രനും നിന്ദിതനും പീഡിതനുമായി ജീവിച്ച മനുഷ്യപുത്രൻ തന്നെ ആയിരിക്കും.

പീഡനങ്ങളിലൂടെ മഹത്വത്തിലേക്കു പ്രവേശിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്

യേശു പരസ്യ ജീവിതത്തിന്റെ രണ്ടാം പകുതിയിൽ ഏറ്റവുമധികം പഠിപ്പിച്ചത്. ശിഷ്യന്മാർക്ക് ഗ്രഹിക്കാൻ ഏറ്റവും പ്രയാസമുള്ള സത്യവും അതായിരുന്നു. പ്രതീകാത്മക പ്രവർത്തനങ്ങളിലൂടെയും ഉപമകളിലൂടെയും വിനീതമായ സേവനത്തിന്റെയും നിഷ്കളങ്കവും നിസ്വാർത്ഥവുമായ സ്നേഹത്തിന്റെയും ആവശ്യകതയെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാരെ നിരന്തരം ഉദ്ബോധിപ്പിച്ചു. അവർ ശിശുക്കളെപോലെ ലാളിത്യവും നൈർമല്യവും ഉള്ളവരായിരിക്കണം. ശിശുസഹജമായ വിശ്വാസത്തോടെ സ്വർഗ്ഗസ്ഥനായ പിതാവിനോടു

നിരന്തരം പ്രാർത്ഥിക്കണം. മനുഷ്യരുടെ മാനദണ്ഡം കൊണ്ടല്ല ദൈവം അളക്കുന്നത്. ഏറ്റവും വിനീതമായ സേവനം അനുഷ്ഠിക്കുന്നവനാണ് ഏറ്റം വലിയവൻ.

പരിധിയില്ലാത്ത സ്നേഹമാണ് യേശു ശിഷ്യന്മാരിൽ നിന്ന് ആവശ്യപ്പെട്ടത്. യഹൂദരെ സംബന്ധിച്ചിടത്തോളം സ്വന്തം ജാതിയിൽപ്പെട്ടവർ മാത്രമായിരുന്നു അയൽക്കാരും സഹോദരങ്ങളും. അവരെ മാത്രം സ്നേഹിക്കാനേ തങ്ങൾക്ക് കടമയുള്ളൂ എന്ന് യഹൂദർ കരുതിയിരുന്നു. എന്നാൽ സഹായം അർഹിക്കുന്നവരെല്ലാം സഹോദരങ്ങളും അയൽക്കാ

രുമാണെന്ന് യേശു പഠിപ്പിച്ചു. സ്നേഹം വാക്കിലും ചിന്തയിലും ഒതുങ്ങി നിന്നാൽ പോരാ പ്രവർത്തിയിലൂടെ പ്രകടമാകണം. ആവശ്യം അനുഭവിക്കുന്നവരെ കഴിവിനൊത്തു സഹായിക്കാൻ തയ്യാറാകാത്തവർ കപട ഭക്തരാണ്. നിയമങ്ങൾ അക്ഷരാർത്ഥത്തിൽ അനുസരിക്കുകയും അപ്രകാരം അനുസരിക്കാത്തവരെ പാപികളെന്നു മുദ്രകുത്തുകയും ചെയ്ത ഫരിസേയരും നിയമജ്ഞരും യഥാർത്ഥത്തിൽ വലിയ പാപികളും കപട ഭക്തരുമാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ഭക്തകൃത്യങ്ങൾ അനുഷ്ഠിക്കുകയും

എന്നാൽ സഹോദരങ്ങളെ ചൂഷണം ചെയ്യുകയും വെറുക്കുകയും ചെയ്യുന്നവർക്കെതിരെ യേശു ഉച്ചരിച്ച ശാപവചനങ്ങൾ നമുക്കും ഒരു താക്കീതാണ്.

യേശുവിൽ വിശ്വസിക്കുന്നവർക്ക് ഒന്നും ഭയപ്പെടാനില്ല. മരണശേഷം നിത്യജീവനിലേക്കു നമ്മെ ഉയർപ്പിക്കാൻ കഴിവുള്ള ദൈവത്തിൽ ആശ്രയിക്കുന്നതിനാൽ മരണത്തെപ്പോലും നിർഭയം നേരിടാൻ യേശുവിന്റെ ശിഷ്യന്മാർക്ക് കഴിയും. പ്രത്യാശയുടെയും ധീരതയുടെയും മാതൃക യേശു തന്നെ നമുക്ക് നൽകുന്നു. ദൈവം ഏൽപ്പിച്ചിരിക്കുന്ന

ദൗത്യത്തിൽ നിന്ന് യേശുവിനെ വ്യതിചലിപ്പിക്കാൻ സ്നേഹിതരുടെ ഉപദേശത്തിനോ ശിഷ്യന്മാരുടെ യാചനയ്ക്കോ അധികാരികളുടെ ഭീഷണിയ്ക്കോ ഒന്നിനും കഴിയുകയില്ല. മരണത്തിലൂടെ മഹത്വത്തിലേക്കു നയിക്കുന്നതാണു മനുഷ്യപുത്രന്റെ മാർഗ്ഗം.

# ബൈബിൾ ചിത്രകഥ-39

# യേശുക്രിസ്തു -9

# മനുഷ്യപുത്രൻ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

രൂപാന്തരീകരണത്തിന്റെ മലയിൽ വച്ചു സ്വർഗ്ഗത്തിൽനിന്നു നിന്നു മുഴങ്ങിയ സ്വരം യേശുവിനെ ദൈവപുത്രനായി വെളിപ്പെടുത്തി. പ്രഭാതമായപ്പോൾ യേശുവും മൂന്നു ശിഷ്യന്മാരും കൂടി മലയിൽ നിന്നിറങ്ങി.




ആരാണീ മനുഷ്യപുത്രൻ?
ഗുരു തന്നെക്കുറിച്ചു തന്നെയാണ് പറഞ്ഞതെന്നതിൽ സംശയമില്ല.
മനുഷ്യപുത്രൻ മിശിഹായുടെ ഒരു പേരാണല്ലോ!


മിശിഹാ വരുന്നതിനു മുൻപേ ഏലിയാ വരും എന്നാണല്ലോ പ്രവചനം.
ഏലിയാ വന്നു സമാധാനം സ്ഥാപിച്ചു കഴിയുമ്പോഴാണ് മിശിഹാ വരുന്നത്.
!


അപ്പോൾ മനുഷ്യപുത്രൻ ഇനി മറ്റു വല്ലവരുമാണോ?
നമുക്ക് ഗുരുവിനോട് തന്നെ ചോദിക്കാം.


ഏലിയാ ആദ്യം വരുമെന്നാണല്ലോ നിയമജ്ഞർ പഠിപ്പിക്കുന്നത്?
ഏലിയാ വന്നു. തങ്ങൾക്കിഷ്ടമുള്ളതെല്ലാം അവർ അവനോടു ചെയ്തു.
അപ്പോൾ സ്നാപകനിലാണ് ആ പ്രവചനം പൂർത്തിയായത്.


യേശുവും മൂന്നു ശിഷ്യന്മാരും കൂടി മലയിറങ്ങി വരുമ്പോൾ താഴ്വരയിൽ മറ്റു ശിഷ്യന്മാരെ ജനക്കൂട്ടം സമീപിച്ചു.
ഗുരുനാഥൻ എവിടെ?
എന്താ കാര്യം?
എന്റെ ഈ മകനെ സുഖപ്പെടുത്താൻ വേണ്ടിയാണ്.
!!


അതിനുള്ള അധികാരവും ഗുരു ഞങ്ങൾക്കു തന്നിട്ടുണ്ട്.
എന്താണു രോഗം?
ഇവനെ ഒരു പിശാച് ബാധിച്ചിരിക്കുന്നു. പലപ്പോഴും അത് ഇവനെ തീയിലും വെള്ളത്തിലും ഉരുട്ടിയിട്ട് കൊല്ലാൻ നോക്കിയിട്ടുണ്ട്.


ആദ്യം മറ്റുള്ളവർ ശ്രമിക്കട്ടെ, അവർ പരാജയപ്പെടുന്നിടത്ത് ഞാൻ വിജയിച്ചാൽ....


യേശുക്രിസ്തുവിന്റെ അപ്പസ്തോലൻ തോമസായ ഞാൻ കർത്താവായ യേശുവിന്റെ നാമത്തിൽ, അശുദ്ധാത്മാവേ നിന്നോട് ആജ്ഞാപിക്കുന്നു, ഇവനെ വിട്ടുപോകൂ.
!!!!
ആ........


അപ്പസ്തോലന്മാർ മാറി മാറി ശ്രമിച്ചു പരാജയപ്പെട്ടു.
അവസാനം യൂദാസ്.
അവനെ മുട്ടിന്മേൽ നിർത്തു! എല്ലാവരും മുട്ടുകുത്തി നിൽക്കുവിൻ.
!!?
!


!!!
ദുഷ്ടാത്മാവേ,
കർത്താവായ...
?
?!!!

അതു പറഞ്ഞുതീരുന്നതിനു മുമ്പേ.




അതാ ഗുരുനാഥൻ
വരുന്നുണ്ട്.
@#**!


എന്താണിവിടെ സംഭവിക്കുന്നത്?
!!!
ഗുരോ എന്റെ മകനെ ഒരു പിശാച് ബാധിച്ചിരിക്കുന്നു. അവനെ സുഖപ്പെടുത്താൻ അങ്ങയുടെ ശിഷ്യന്മാർക്കു കഴിഞ്ഞില്ല.


അങ്ങേയ്ക്ക് കഴിയുമെങ്കിൽ കരുണ തോന്നി എന്റെ മകനെ സുഖപ്പെടുത്തണം.
വിശ്വാസമില്ലാത്ത തലമുറയേ, എത്രനാൾ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും.
!!!
കഴിയുമെങ്കിൽ എന്നോ? വിശ്വസിക്കുന്നവന് കഴിയാത്തതായി ഒന്നുമില്ല.


കർത്താവേ ഞാൻ
വിശ്വസിക്കുന്നു. എന്റെ
അവിശ്വാസം പരിഹരിക്കണമേ.


ദുഷ്ടാത്മാവേ, നിന്നോട് ഞാൻ ആജ്ഞാപിക്കുന്നു. അവനിൽ നിന്ന് പുറത്തു പോവുക. ഇനി ഒരിക്കലും അവനിൽ പ്രവേശിക്കരുത്.
!!!!
ആ......


പിശാച് അവനെ
വിട്ടുപോയി.
അവന്റെ ജീവനും
പോയി.
?
!!!?


!!!!
!
കർത്താവേ, അങ്ങേയ്ക്ക് സ്തോത്രം.



യേശു അവിടെ നിന്ന് പുറപ്പെടുമ്പോൾ.
ഗുരോ, ഞാൻ അങ്ങയെ അനുഗമിക്കാൻ ആഗ്രഹിക്കുന്നു.
കുറുനരികൾക്കു മാളങ്ങളും ആകാശപ്പറവകൾക്കു കൂടുകളും ഉണ്ട് . എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല.


യാത്രാമധ്യേ
ഈ വചനങ്ങൾ നിങ്ങളിൽ ആഴത്തിൽ പതിയട്ടെ; മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏൽപ്പിക്കപ്പെടാൻ പോകുന്നു.


അവർക്ക് ഇതിന്റെ അർത്ഥം മനസ്സിലായില്ല.
എന്താണ് ഈ ഏൽപ്പിക്കപ്പെടൽ?
രാജാവായി പ്രഖ്യാപിക്കാനായി ഗുരു സ്വയം വിട്ടുകൊടുക്കും എന്നാണ് പറയുന്നത്.
അതായിരിക്കാൻ വഴിയില്ല. പക്ഷേ, ഇനിയും എങ്ങനെയാ ഗുരുവിനോട് ചോദിക്കുന്നത്?


അത് പോകട്ടെ, നമ്മിൽ ആർക്കാണ് ഗുരു ഏറ്റവും കൂടുതൽ അധികാരം നൽകിയിരിക്കുന്നത് എന്നറിയാമോ?
അത് പത്രോസിനാ, സംശയമില്ല.


ഗുരുവിന് ഏറ്റം ഇഷ്ടം എന്നോടാണ്.
അതിനെന്താ അത്ര ഉറപ്പ്? എനിക്കാണ് കൂടുതൽ പ്രാധാന്യം.
പണമുള്ളവനാണ് അധികാരം. അത് ആരെയോ ഏൽപ്പിച്ചിരിക്കുന്നത് എന്നറിയാമല്ലോ?


പ്രായം കൂടുതലുള്ളവർക്കാണ് അധികാരവും കൂടുതൽ. അപ്പോൾ ആ സ്ഥാനം എനിക്കാണ്.
ഗുരുവിന്റെ കൂടെ ആദ്യം ചേർന്നത് ഞാനാണ്. ഞാൻ കഴിഞ്ഞേ നിങ്ങളുള്ളൂ.



അവർ തർക്കിച്ചുകൊണ്ടു പോകുമ്പോൾ.
ഗുരോ, ഈ കുഞ്ഞിന്റെ മേൽ കൈവച്ചു പ്രാർത്ഥിക്കണം.
വഴിമാറുവിൻ. ഗുരുവിനെ ശല്യപ്പെടുത്തരുത്.
ശിശുക്കളെ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്.


!!!
ഇതുപോലൊരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു.



നിങ്ങളിൽ ഏറ്റവും ചെറിയവൻ
ആരോ അവനാണ് ഏറ്റവും
വലിയവൻ. ഒന്നാമകനാകാൻ
ആഗ്രഹിക്കുന്നവൻ എല്ലാവരുടെ
യും ശുശ്രൂഷകനാകണം.


മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല. ശുശ്രൂഷിക്കാനും സ്വന്തം ജീവൻ മനുഷ്യരുടെ രക്ഷയ്ക്കായി അർപ്പിക്കാനും വേണ്ടിയാണ്.


അന്ന് രാത്രി അവർ തനിച്ചായപ്പോൾ.
ഗുരോ, എന്തുകൊണ്ടാണ് ഇന്ന് രാവിലെ ആ പിശാച് ബാധിതനെ സുഖപ്പെടുത്താൻ ഞങ്ങൾക്ക് കഴിയാതെ പോയത്?
നിങ്ങളുടെ വിശ്വാസക്കുറവു കൊണ്ടു തന്നെ.


വിശ്വാസത്തോടുകൂടിയ പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നും കൊണ്ടും ഈ വർഗ്ഗം പുറത്തു പോവുകയില്ല.


കർത്താവേ ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ.
സ്നാപകൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും.
നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അമിതഭാഷണം അരുത്.


മറ്റുള്ളവരെ
കാണിക്കുവാൻ വേണ്ടി
ഫരിസേയർ
ചെയ്യുന്നതുപോലെ
പ്രാർത്ഥിക്കരുത്.


സിനഗോഗുകളിലും
വഴിക്കവലകളിലും നിന്നു
പ്രാർത്ഥിക്കാനാണ് അവർ
ഇഷ്ടപ്പെടുന്നത്.


നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ.
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ,
അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ
ഇഷ്ടം സ്വർഗത്തിലേതുപോലെ
ഭൂമിയിലമാകണമേ.


അന്നന്നു വേണ്ട ആഹാരം ഇന്ന്
ഞങ്ങൾക്ക് നൽകണമേ.
ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ
ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ
കടങ്ങൾ ഞങ്ങളോട്
ക്ഷമിക്കേണമേ.


ഞങ്ങൾ പ്രലോഭനങ്ങളിൽ പെടുവാൻ
ഇടയാക്കരുതേ. ദുഷ്ടനിൽ നിന്ന്
ഞങ്ങളെ രക്ഷിക്കണമേ.


നിങ്ങളെ സ്നേഹിക്കുകയും
നിങ്ങളുടെ ആവശ്യങ്ങൾ അറിയുകയും
ചെയ്യുന്ന പിതാവിനോടാണു നിങ്ങൾ
പ്രാർത്ഥിക്കുന്നത് എന്ന്
വിശ്വസിക്കുവിൻ.


അവർ മരച്ചുവട്ടിൽ ഉറങ്ങാൻ കിടന്നു. ഉറക്കം വരാത്ത തോമസും യോഹന്നാനും തമ്മിൽ സംഭാഷണം.
ഈ ജീവിതം എനിക്ക് മടുത്തു. വിശപ്പു മാറിയ നാൾ മറന്നു. സുഖമായൊന്നുറങ്ങിയിട്ട് കാലം എത്രയായി?
ഗുരു വാഗ്ദാനം ചെയ്തതും ഇതൊക്കെ തന്നെയല്ലേ?


അടുത്തയാഴ്ച
ഞാൻ മടങ്ങിപ്പോകും.
ഇല്ല തോമസ്, നീ ഇനി
മടങ്ങി പോവില്ല.
നമ്മളാരും
മടങ്ങിപ്പോവില്ല.


യേശുവിനെ കണ്ടുമുട്ടിയതോടെ നമ്മുടെയെല്ലാം ജീവിതം മാറിക്കഴിഞ്ഞു. നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റെയും ഗതി ആകെ മാറിയിരിക്കുന്നു. ഇനി മടക്കയാത്രയില്ല.


യേശു ഒരു പട്ടണത്തിൽ പ്രവേശിച്ചപ്പോൾ ആളുകൾ ചുറ്റും കൂടി. അപ്പോൾ ഒരു നിയമജ്ഞൻ.
നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?
നിയമത്തിൽ എന്താണ് എഴുതിയിരിക്കുന്നത്?


നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുക. നിന്റെ അയൽക്കാരനെ നിന്നെപ്പോലെയും.


നീ ശരിയായി ഉത്തരം പറഞ്ഞു.
ഇതനുസരിച്ചു പ്രവർത്തിക്കുക.
നീ ജീവിക്കും.
ആരാണ് എന്റെ
അയൽക്കാരൻ?



ഒരു മനുഷ്യൻ ജറുസലെമിൽനിന്നു ജറീക്കോയിലേക്കു പോവുകയായിരുന്നു.
കള്ളന്മാർ അവനെ ആക്രമിച്ചു.


അവർ അവന്റെ വസ്ത്രം പോലും ഉരിഞ്ഞെടുത്ത് അവനെ അർദ്ധപ്രാണനാക്കിയിട്ട് പൊയ്ക്കളഞ്ഞു.







ഒരു പുരോഹിതൻ ആ വഴിയെ വന്നു. അവനെ കണ്ടു മറുവശത്തുകൂടെ കടന്നുപോയി.
അതുപോലെ ഒരു ലേവായനും അവനെ കണ്ടെങ്കിലും കടന്നുപോയി.
ഒരു സമറിയാക്കാരൻ ആ വഴി വന്നു. അവനെക്കണ്ടു മനസ്സലിഞ്ഞു.




ഞാൻ സഹായിച്ചില്ലെങ്കിൽ ഈ മനുഷ്യൻ ഇവിടെ കിടന്നു മരിച്ചുപോകും.








അയാളുടെ മുറിവുകൾ
വച്ചുകെട്ടി സ്വന്തം
കഴുതപ്പുറത്തു കയറ്റി ഒരു
സത്രത്തിലെത്തിച്ചു.



ഇയാളുടെ കാര്യം നോക്കിക്കൊള്ളണം. ഇതാ രണ്ടു ദനാറ. കൂടുതൽ ചിലവായാൽ ഞാൻ മടങ്ങി വരുമ്പോൾ തന്നു കൊള്ളാം.


കവർച്ചക്കാരുടെ കയ്യിൽപെട്ട ആ മനുഷ്യന് ഈ മൂന്ന് പേരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്?
അവനോട് കരുണ കാണിച്ചവൻ.
നീയും പോയി അതുപോലെ ചെയ്യുക.


അപ്പോൾ മറ്റൊരു നിയമജ്ഞൻ.
റബ്ബി, നിനക്കു പഠിപ്പിക്കാൻ അധികാരമുണ്ട് എന്നതിന് എന്ത് അടയാളമാണ് നീ കാണിക്കുന്നത്?
സ്വർഗ്ഗത്തിൽനിന്നൊരു അടയാളം തരൂ, എന്നാൽ ഞങ്ങൾ വിശ്വസിക്കാം.
ദുഷിച്ചതും വഴിപിഴച്ചതുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനായുടെ അടയാളമല്ലാതെ മറ്റൊരു അടയാളം നിങ്ങൾക്ക് നൽകപ്പെടുകയില്ല.


യോനാ പ്രവാചകൻ നിനവേക്കാർക്ക് അടയാളം ആയതുപോലെ മനുഷ്യപുത്രൻ ഈ തലമുറക്ക് അടയാളമായിരിക്കും.
വിധി ദിവസത്തിൽ നിനവേ നിവാസികൾ നിങ്ങളെ കുറ്റം വിധിക്കും.





കാരണം യോനായുടെ പ്രസംഗം കേട്ട് അവർ അനുതപിച്ചു. എന്നാൽ ഇതാ ഇവിടെ യോനായേക്കാൾ വലിയവൻ.



അവൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരാൾ അവിടെ വന്നു.
ഗുരോ, എന്റെ മകനെ മൂകനും ബധിരനുമായ ഒരു പിശാച് ബാധിച്ചിരിക്കുന്നു. അങ്ങു കനിവുതോന്നി ഇവനെ രക്ഷിക്കണം.


യേശു അവനെ സുഖപ്പെടുത്തിയപ്പോൾ.
പിശാചുക്കളുടെ തലവനായ ബേൽസെലുബിനെക്കൊണ്ടാണ് ഇവൻ പിശാചുക്കളെ പുറത്താക്കുന്നത്.
ഇവാൻ സാത്താന്റെ കൂട്ടുപിടിച്ചിരിക്കുന്നു. വലിയ പാപമാണിത്.
അന്ത:ഛിദ്രമുള്ള രാജ്യം നശിക്കും. കലഹിക്കുന്ന കുടുംബം തകർന്നു പോകും.


സാത്താൻ സാത്താനെ ബഹിഷ്കരിക്കുകയില്ല. അല്ലെങ്കിൽ അവന്റെ രാജ്യം അവൻ തന്നെ നശിപ്പിക്കുകയല്ലേ?
എന്നാൽ ദൈവാത്മാവിനെക്കൊണ്ടാണു ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നത് എങ്കിൽ ദൈവരാജ്യം വന്നു കഴിഞ്ഞു.
Z!!


ശക്തനായവൻ ആയുധം ധരിച്ചു കൊട്ടാരത്തിനു കാവൽ നിൽക്കുമ്പോൾ അവന്റെ വസ്തുവകകൾ സുരക്ഷിതമാണ്.
എന്നാൽ കൂടുതൽ ശക്തനായ ഒരാൾ അവനെ തോൽപ്പിച്ചാൽ അവന്റെ വസ്തുക്കൾ മുഴുവൻ പിടിച്ചെടുക്കാൻ കഴിയും.







അതു കേട്ട അപ്പസ്തോലന്മാർ തമ്മിൽ സംഭാഷണം.
സാത്താനാണ് ആദ്യത്തെ ശക്തൻ എന്നതിൽ സംശയമില്ല.
തീർച്ചയായും യേശുവാണു കൂടുതൽ ശക്തൻ.
സാത്താന്റെ അടിമകളെ മോചിപ്പിക്കുകയാണല്ലോ ഗുരു ചെയ്യുന്നത്.



അപ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.
നിന്റെ അമ്മ സ്ത്രീകളിൽ ഏറ്റം ഭാഗ്യവതിയാണ്.
ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യമുള്ളവർ.



ഒരു ഫരിസേയപ്രമുഖൻ യേശുവിനോട്.
റബ്ബീ, അങ്ങും ശിഷ്യന്മാരും ഇന്ന് എന്റെ വീട്ടിൽ അത്താഴത്തിന് വരണം.
!
വരാൻ സന്തോഷമേയുള്ളൂ.


ഇന്ന് യേശുവുമായി ശരിക്കൊന്നു സംസാരിക്കണം.
!


അവർ വിരുന്നുശാലയിൽ പ്രവേശിച്ചു.
!!!!

വിരുന്നുകാരുടെ മുമ്പിൽ ചെറിയ മേശകൾ നിരത്തി
അപ്പവും വീഞ്ഞും പഴങ്ങളും മേശകളിൽ വിളമ്പി.




എല്ലാവരും കൈ കഴുകിയതിനുശേഷം അപ്പവും വീഞ്ഞും ആശീർവദിച്ചിട്ടേ സാധാരണ ഭക്ഷിക്കാറുള്ളു. ഇതെന്താ അങ്ങയുടെ ശിഷ്യർ....


കൈ കഴുകാൻ വെള്ളവുമായി വേലക്കാർ വരുന്നതേയുള്ളു. അതിനു മുമ്പേ അവർ തീറ്റ തുടങ്ങി. റബീ, ശിഷ്യന്മാരുടെ ഈ പെരുമാറ്റം ഒട്ടും ഭൂഷണമല്ല.


ഫരിസേയരായ നിങ്ങൾ കോപ്പയുടെയും പാത്രങ്ങളുടെയും പുറം കഴുകി വെടിപ്പാക്കുന്നു.
!?
പാത്രങ്ങൾ മാത്രമല്ല, ഞങ്ങൾ ആചാരപ്രകാരം കയ്യും മുഖവും കഴുകി ശുദ്ധി വരുത്തുണ്ട്.


നിങ്ങളുടെ അകം കവർച്ചയും ദുഷ്ടതയും കൊണ്ടു നിറഞ്ഞിരിക്കുന്നു. നിങ്ങൾക്കുള്ളതു ദാനം ചെയ്യുവിൻ. അപ്പോൾ എല്ലാം ശുദ്ധമാകും.


കപട ഭക്തരായ ഫരിസേയരേ നിങ്ങൾക്ക് ദുരിതം. തുളസിയുടെയും ജീരകത്തിന്റെയും ദശാംശം കൊടുക്കുന്ന നിങ്ങൾ ദൈവത്തിന്റെ സ്നേഹവും നീതിയും അവഗണിച്ചു കളയുന്നു.
?!!



ഫരിസേയരേ, നിങ്ങൾക്ക് ദുരിതം. എന്തെന്നാൽ നിങ്ങൾ സിനഗോഗുകളിൽ പ്രമുഖ സ്ഥാനവും പൊതുസ്ഥലങ്ങളിൽ അഭിവാദനയും അഭിലഷിക്കുന്നു. എല്ലാവരും റബ്ബീ എന്നു വിളിക്കണമെന്ന് ആഗ്രഹിക്കുന്നു.


ഗുരോ, നീ നിയമജ്ഞരായ ഞങ്ങളെയും അപമാനിക്കുകയാണ്.
!!


നിയമജ്ഞരേ, നിങ്ങൾക്ക് ദുരിതം. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ സൂക്ഷിക്കുന്ന നിങ്ങൾ അകത്തു പ്രവേശിക്കുന്നില്ല. മറ്റുള്ളവരെ പ്രവേശിക്കാൻ അനുവദിക്കുന്നുമില്ല.
?!!


വെള്ളയടിച്ച കുഴിമാടങ്ങളേ, ആദ്യമേ അകം ശുദ്ധിയാക്കുവിൻ. അപ്പോൾ പുറം ശുദ്ധമായിക്കൊള്ളും.


യേശുവും ശിഷ്യന്മാരും അവിടെ നിന്ന് പോയപ്പോൾ ഫരിസേയർ കൂടിയാലോചിച്ചു.




ജറുസലേമിൽ എത്തിക്കിട്ടിയാൽ നമുക്കവനെ ശരിക്കും കൈകാര്യം ചെയ്യാൻ കഴിയും.
പക്ഷേ എങ്ങനെയാണത് സാധിക്കുക?


ഹേറോദേസ് രാജാവ് അവനെ കൊല്ലാൻ ശ്രമിക്കുന്നു എന്ന് പറഞ്ഞാൽ ഒരുപക്ഷേ ഗലീലി വിട്ടേക്കും.
അത് അത്ര നുണയല്ലതാനും.



നാം വളരെ തന്ത്രപൂർവ്വം നീങ്ങേണ്ടിയിരിക്കുന്നു. അവനു യാതൊരു സംശയവും തോന്നരുത്.
നമുക്കു രണ്ടുപേരെ അവന്റെയടുത്തു പറഞ്ഞു വിടാം.


പിറ്റേന്ന്.
ഗുരോ, ഫരിസേയരൊന്നടങ്കം കോപിച്ചിരിക്കുകയാണ്. ഇന്നലത്തെ വാക്കുകൾ അൽപ്പം കടന്നു പോയില്ലേ?
അവരെല്ലാം നമുക്കെതിരായി. ഇനി എന്താണ് ചെയ്യുക എന്നറിയില്ല.
രണ്ടു നാണയത്തുട്ടിന് അഞ്ചു കുരുവുകൾ വിൽക്കപ്പെടുന്നില്ലേ? പിതാവറിയാതെ അതിൽ ഒന്നുപോലും നിലത്തു വീഴുന്നില്ലല്ലോ.


ശരീരത്തെ കൊന്നിട്ട് അതിനപ്പുറം ഒന്നും ചെയ്യാൻ കഴിവില്ലാത്തവരെ ഭയപ്പെടേണ്ട.


എന്നാൽ കൊന്നതിനുശേഷം നിങ്ങളെ തീനരകത്തിൽ എറിയുവാൻ കഴിയുന്നവരെ ഭയപ്പെടുവിൻ.
!!!


നിങ്ങൾ അര മുറുക്കിയും
വിളക്ക് കൊളുത്തിയും
ഇരിക്കുവിൻ. വിരുന്ന് കഴിഞ്ഞ്
രാത്രിയിൽ എപ്പോഴെങ്കിലും
മടങ്ങിവരുന്ന യജമാനനെ
കാത്തിരിക്കുന്ന ഭൃത്യരെപ്പോലെ
ഒരുങ്ങിയിരിക്കുവിൻ.
?!!!


യജമാനൻ വരുമ്പോൾ ഒരുങ്ങിയിരിക്കുന്നതായി കാണുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ.

അവൻ അവരെ ഭക്ഷണത്തിനിരുത്തി പരിചരിക്കും.


കള്ളൻ ഏതു മണിക്കൂറിൽ വരുമെന്ന് ഗൃഹനാഥൻ അറിഞ്ഞാൽ വീട് കവർച്ച ചെയ്യാൻ അവൻ അനുവദിക്കുകയില്ല.


നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിലാണ് മനുഷ്യപുത്രൻ വരുന്നത്.
?!!!


അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ രണ്ടു ഫരിസേയർ അവിടെ വന്നു.
റബ്ബീ, ഞങ്ങൾ അങ്ങയെ അന്വേഷിച്ചു വന്നതാണ്.
അങ്ങു വേഗം ഗലീലിയിൽ നിന്നു രക്ഷപ്പെടണം.
!
എന്താ കാര്യം?
എന്തു സംഭവിച്ചു?


ഹേറോദേസ് അങ്ങയെ കൊല്ലാൻ ആലോചിക്കുന്നതായി ഞങ്ങൾ അറിഞ്ഞു.
നിങ്ങൾ പോയി ആ കുറുക്കനോട് പറയുവിൻ, ഇന്നും നാളെയും ഞാൻ പിശാചുക്കളെ പുറത്താക്കിയും രോഗശാന്തി നൽകിയുംകൊണ്ട് ഇവിടെത്തന്നെ ഉണ്ടായിരിക്കും.


മൂന്നാം ദിവസം ഞാൻ എന്റെ ദൗത്യം പൂർത്തിയാക്കും.


എങ്കിലും ഞാൻ എന്റെ യാത്ര തുടരേണ്ടിയിരിക്കുന്നു. കാരണം ഒരു പ്രവാചകൻ ജെറുസലേമിനു പുറത്തുവച്ചു നശിക്കുക സാധ്യമല്ല.
!!
?!!!

സുനിശ്ചിതമായ
മരണത്തെ മുന്നിൽ
കണ്ടുകൊണ്ട് യേശു തന്റെ
യാത്ര തുടർന്നു.

# കുരിശിന്റെ നിഴലിൽ

# ചോദ്യങ്ങൾ

1. പിശാചുബാധിതനെ സുഖപ്പെടുത്താൻ അപ്പോസ്തോലന്മാർക്ക് കഴിയാതിരുന്നത് എന്തുകൊണ്ട്?
2. ഏറ്റവും വലിയവൻ എന്ത് ചെയ്യണം എന്നാണ് യേശു പഠിപ്പിച്ചത്?
3. മനുഷ്യപുത്രൻ വന്നത് എന്തിനുവേണ്ടിയാണ്?
4. മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല. വിശദീകരിക്കുക.
5. നിത്യജീവൻ അവകാശമാക്കാൻ എന്തു ചെയ്യണം?
6. ആരാണ് അയൽക്കാരൻ?
7. യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങളെ യഹൂദ നേതാക്കൾ എങ്ങനെയാണ് വ്യാഖ്യാനിച്ചത്?
8. ഫരിസേയരെയും, നിയമജ്ഞരെയും യേശു സഹകരിക്കാൻ കാരണമെന്ത്?
9. ആരെ ഭയപ്പെടണമെന്നാണ് യേശു പഠിപ്പിച്ചത്?
10. യേശുവിനെ എപ്രകാരമാണ് നമുക്ക് അനുകരിക്കാൻ സാധിക്കുക?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും